**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ** കാര്യാലയം
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**പത്രക്കുറിപ്പ്**

**ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം-2025**
**സ്ട്രേ വേക്കൻസി അലോട്ട്മെന്റ്**
**സംസ്ഥാന ദന്തൽ കോളേജുകളിൽ** ഒഴിവുള്ള **സീറ്റുകളിലേയ്ക്ക് പുതുതായി നീറ്റ് എം.ഡി.എസ്. യോഗ്യത നേടിയവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം**

2025-26 അദ്ധ്യയന വർഷത്തെ പി.ജി.ദന്തൽ കോഴ്സ് പ്രവേശനത്തിനുള്ള നീറ്റ് എം.ഡി.എസ്. പ്രവേശന പരിക്ഷയുടെ യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിൽ സംസ്ഥാനത്തെ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നതും പുതുക്കിയ മാനദണ്ഡ പ്രകാരം നീറ്റ് എം.ഡി.എസ്. യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യരായ വിദ്യാർത്ഥികൾക്ക് **24.08.2025, 11.59 PM** വരെ അപേക്ഷിക്കാവുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം സംസ്ഥാന ദന്തൽ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേയ്ക്ക് മാത്രമായിരിക്കും പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്. പുതുതായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ നേറ്റിവിറ്റി, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും കമ്മ്യൂണിറ്റി/കാറ്റഗറി/ഫീസ് ആനുകൂല്യം (ബാധകമായവർക്ക് മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിശദമായ വിജ്ഞാപനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**
Signed by
Arun S Nair
Date: 20-08-2025 16:50:56

തിരുവനന്തപുരം
20-08-2025